(ബി) ഇവരുടെ പ്രതിഫലം അപര്യാപ്തമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

വന്യജീവികളുടെ ശല്യം തടയൽ

92(597) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം വന്യജീവികളുടെ ശല്യം കാരണം ഉണ്ടായ നാശനഷ്ടങ്ങളും അതിനെ തുടർന്നുള്ള ആളപായങ്ങളും എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം വന്യജീവികളുടെ ആക്രമണംമൂലവും, പാമ്പുകടിയേറ്റും മരണപ്പെട്ടവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :-

	2016	2017	2018	2019	2020
മഞ്ചേശ്വരം മണ്ഡലം	-	-	1	1	-
കാസർഗോഡ് മണ്ഡലം	-	-	1	2	5
കാഞ്ഞങ്ങാട് മണ്ഡലം	-	2	1	3	4
തൃക്കരിപ്പൂർ മണ്ഡലം	-	1	-	1	2
ഉദുമ മണ്ഡലം	-	-	-	1	2

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം വന്യജീവികളുടെ ശല്യം മൂലമുണ്ടായ കൃഷിനാശങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

	2016	2017	2018	2019	2020
	(രൂപ ലക്ഷത്തിൽ)				
മഞ്ചേശ്വരം മണ്ഡലം	10	15	5	8	6
കാസർഗോഡ് മണ്ഡലം	65	21	35	17	28
കാഞ്ഞങ്ങാട് മണ്ഡലം	20	26	44	55	60
തൃക്കരിപ്പൂർ മണ്ഡലം	40	80	71	65	45
ഉദുമ മണ്ഡലം	110	105	60	105	106
ആകെ	245	247	215	250	245

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷിനാശം സംഭവിച്ചവർക്കു നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ചുവർഷം എത്ര തുകയാണ് നൽകിയതെന്ന് മണ്ഡലം തിരിച്ചു വ്യക്തമാക്കാമോ?

കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

	2016	2017	2018	2019	2020
	(രൂപ ലക്ഷത്തിൽ)				
മഞ്ചേശ്വരം മണ്ഡലം	2.93	3.92	4.56	5.12	0.69
കാസർഗോഡ് മണ്ഡലം	5.13	3.13	4.57	7.01	0.73
കാഞ്ഞങ്ങാട് മണ്ഡലം	2.35	2.80	3.92	4.64	0.40
തൃക്കരിപ്പൂർ മണ്ഡലം	0.53	0.62	0.81	1.03	0.12
ഉദുമ മണ്ഡലം	0.17	3.42	1.23	2.92	0.96
ആകെ	1.11	13.89	15.09	20.72	2.9

(സി) വന്യജീവികളുടെ ശല്യം തടയാൻ കഴിഞ്ഞ അഞ്ചുവർഷം സ്വീകരിച്ച നടപടി എന്തൊക്കെയാണെന്നും ഇതിനുചെലവഴിച്ച തുക എത്രയാണെന്നും മണ്ഡലം തിരിച്ചു വ്യക്തമാക്കാമോ?

വന്യജീവികളുടെ ശല്യം തടയുന്നതിനു വേണ്ടി സൗരോർജ്ജ വേലി, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ആയതിന് ചെലവഴിച്ച തുക മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:-

	സൗരോർജ്ജവേലി	ആന പ്രതിരോധ മതിൽ	ആന പ്രതിരോധ കിടങ്ങ്
മഞ്ചേശ്വരം മണ്ഡലം	-	-	-
കാസർഗോഡ് മണ്ഡലം	4.55 ലക്ഷം	-	3.45 ലക്ഷം
കാഞ്ഞങ്ങാട് മണ്ഡലം	6.00 ലക്ഷം	2.00 കോടി	5.72 ലക്ഷം
തൃക്കരിപ്പൂർ മണ്ഡലം	-	-	-
ഉദുമ മണ്ഡലം	43.00 ലക്ഷം	1.92 കോടി	-
ആകെ	53.55 ലക്ഷം	3.92 കോടി	9.17 ലക്ഷം

(ഡി) വന്യജീവികളുടെ ശല്യം ശാശ്വതമായി തടയാൻ പദ്ധതികളാവിഷ്കരിക്കാനുദ്ദേശ്യമുണ്ടോ എന്ന് വെളിപ്പെടുത്തുമോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

വന്യജീവികളുടെ ശല്യം ശാശ്വതമായി തടയാൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോണ്ട്സ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.
- നാട്ടിലേക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോണ്ട്സ് ടീമുകൾ പ്രവർത്തിച്ച് വരുന്നു.
- വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ് ഗാർഡ്, റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിലൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
- പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നുണ്ട്.
- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കു വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.
- മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജനവും, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ. 111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

- വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നല്കിവരുന്നുണ്ട്.

- വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ)17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നല്കിവരുന്നുണ്ട്.

- വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷിചെയ്യുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു .

- വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.